ഉത്തരം

(എ) ഭൗതിക സാഹചര്യങ്ങളും ഇതിനാവശ്യമായ ഉപകരണങ്ങളും മനുഷ്യവിഭവശേഷിയും ലഭ്യമാകുന്നമുറയ്ക്ക് ട്രോമാകെയർ പ്രവർത്തിച്ച് തുടങ്ങും.

(ബി) 24 മണിക്കൂർ ഓപ്പറേഷൻ തിയേറ്റർ, എക്സ്റേ, സ്കാൻ, ഐ.സി.യു., ലാബ്, അത്യാഹിത വിഭാഗം, വാർഡ് എന്നീ സംവിധാനങ്ങൾ നിലവിൽവരികയും ഏതുതരം അത്യാഹിതത്തിൽപ്പെട്ടുവരുന്ന രോഗികൾക്കും പരിപൂർണ്ണ ചികിത്സ ലഭ്യമാക്കുവാനും കഴിയും.

2012-2013 സാമ്പത്തിക വർഷത്തിൽ പത്ത് സ്ഥാപനങ്ങളിൽ ട്രോമാകെയർ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിലേക്കായി 200 ലക്ഷത്തിന്റെ ഭരണാനുമതി നൽകുകയും അതിൽനിന്നും താലൂക്കാശുപത്രി കൊയിലാണ്ടിക്കുവേണ്ടി 20 ലക്ഷം മാറ്റിവച്ച് ആയതിൽനിന്ന് 15 ലക്ഷം രൂപ സിവിൽ ജോലികൾക്കുവേണ്ടി മുനിസിപ്പാലിറ്റിക്ക് കൈമാറുകയും 5 ലക്ഷത്തിന് ഉപകരണങ്ങൾ KMSCL വഴി വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ കാൻസർ ചികിത്സയ്ക്ക് സൗകര്യങ്ങൾ

64 (4348) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കാസർഗോഡ് ജില്ലയിൽ കാൻസർ രോഗികളുടെ എണ്ണം വർദ്ധിക്കുന്നതായുള്ള പഠന റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലയിൽ പ്രസ്തുത രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും ആവശ്യമായ സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) വടക്കൻ ജില്ലകളിൽ കാൻസർ രോഗം ബാധിച്ചവർക്ക് തലശ്ശേരിയിലെ മലബാർ കാൻസർ സെന്ററിലും കോഴിക്കോട് മെഡിക്കൽ കോളേജിലും പരിയാരം മെഡിക്കൽ കോളേജിലും ചികിത്സാ സൗകര്യം ലഭ്യമാണ്. കൂടാതെ, ജില്ലാ കാൻസർ കെയർ പദ്ധതിയും നിലവിലുണ്ട്. മാത്രമല്ല, ഈ വർഷം കാസർഗോഡ് ജില്ലാ കളക്ടറുടെ കീഴിലുള്ള കാൻസർ കെയർ സൊസൈറ്റി മുഖേന പത്തോളം കാൻസർ നിർണ്ണയ ക്യാമ്പുകൾ എം.സി.സി. മുഖാന്തിരം നടത്തുകയും

LIBRARY ARCHIVES Kerala Legislative Assembly

ഇവരിൽനിന്നും അസുഖം ബാധിച്ചതായി സംശയമുള്ളവരെ വിദഗ്ധ പരിശോധനയ്ക്കായി എം.സി.സി., ആർ.സി.സി. എന്നിവിടങ്ങളിലേക്ക് റഫർ ചെയ്യുകയും ചെയ്യുന്നുണ്ട്.

കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയയ്ക്ക് ചികിത്സാ ചെലവ്

65 (4349) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2-2-2012-ലെ G.O. (MS) 33/2012/H&FWD ഉത്തരവ് നിലനിൽക്കുമ്പോൾ 1-3-2013-ൽ കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയയ്ക്ക് വിധേയനായ മകന്റെ ചികിത്സാ ചെലവ് ലഭിക്കുന്നതിന് ആലപ്പുഴ ജില്ലയിലെ റവന്യൂ വകുപ്പ് ജീവനക്കാരൻ ഉചിത മാർഗ്ഗേണ സമർപ്പിച്ച അപേക്ഷ ആരോഗ്യവകുപ്പ് പരിഗണിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് പറയാമോ;

(ബി) കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയാ ചെലവ് റീഇംബേഴ്സ്മെന്റ് യുക അഞ്ചര ലക്ഷമായി നിജപ്പെടുത്തി 25-4-2013-ൽ G.O. (P) 148/2013/H &FWD നമ്പർ ഉത്തരവിറങ്ങുന്നതിനു മുമ്പ് നടന്ന ശസ്ത്രക്രിയയ്ക്കും അതോടനുബന്ധിച്ച് ഈ ഉത്തരവിറങ്ങുന്നതിനുമുമ്പ് നൽകിയ അപേക്ഷയിലും അനുകൂല തീരുമാനം കൈക്കൊള്ളാതെ അപേക്ഷ നിരസിക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ആലപ്പുഴ ജില്ലയിലെ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥനായ ശ്രീ. ഐബു കെ.ജി.-യുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷ 25-4-13-ലെ സ.ഉ. (പി)148/13/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന് മുൻപ് നടന്ന ചികിത്സ ആയതിനാൽ നിരസിക്കുകയുണ്ടായി. ശ്രീ. ഐബു കെ.ജി. ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

കരൾമാറ്റ ശസ്ത്രക്രിയ പരിശീലനം

66 (4350) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരൾമാറ്റ ശസ്ത്രക്രിയ നടത്തുന്നതിന് പരിശീലനം നേടിയ എത്ര സർജൻമാർ മെഡിക്കൽ കോളേജുകളിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർജറിക്ക് പരിശീലനം നേടാൻ തയ്യാറാണെന്ന് അറിയിച്ച എത്ര ഡോക്ടർമാരുണ്ടെന്നും, അവർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) ഇവർക്ക് പരിശീലനം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly